# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## വേശ്യാവൃത്തിയിൽ നിന്നും മോചിപ്പിക്കപ്പെട്ട സ്ത്രീകളെ പുനരധിവസിപ്പിച്ചിരിക്കുന്ന സെന്റർ മാർപാപ്പ സന്ദർശിച്ചു



വത്തിക്കാൻ സിറ്റി: വേശ്യാവൃത്തിയിൽ നിന്നും മോചിപ്പിക്കപ്പെട്ട സ്ത്രീകളെ പുനരധിവസിപ്പിച്ചിരിക്കുന്ന റോമിലെ ജോൺ ഇരുപത്തി മൂന്നാമൻ കമ്യൂണിറ്റി സെന്റർ മാർപാപ്പ സന്ദർശിച്ചു. കരുണയുടെ ജൂബിലി വർഷത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന 'കരുണയുടെ വെള്ളിയാഴ്ച്ച'യിലാണ് ശരീരത്തിലും മനസിലും ഒരേ പോലെ മുറിവേറ്റ 20 സ്ത്രീകളെ കാണുവാൻ ഫ്രാൻസിസ് മാർപാപ്പ നേരിട്ട് എത്തിയത്. ശാരീരികമായും മാനസികമായും മുറിവേറ്റ്, സമൂഹത്തിൽ എല്ലാവരാലും തഴയപ്പെട്ട് കിടന്നിരുന്ന 20 സ്ത്രീകൾക്കും പാപ്പയുടെ സന്ദർശനം മറക്കുവാൻ കഴിയാത്ത ഓർമ്മയായി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പുനരധിവസിപ്പിക്കപ്പെട്ട സ്ത്രീകളാണ് സെന്ററിൽ താമസിക്കുന്നത്. റോമാനിയ, അൽബേനിയ, നൈജീരിയ, ട്യുണേഷ്യ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള സ്ത്രീകൾ ഇതിൽ ഉൾപ്പെടുന്നു. ഇവിടെ അധിവസിപ്പിച്ചിരിക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവും 30 വയസ്സിനടുത്ത പ്രായമുള്ളവരാണ്. മനുഷ്യകടത്തിനെതിരെ സഭ എന്നും ശക്തമായി പ്രതികരിച്ചിട്ടുണ്ട്. ഇതിനെ ഒരിക്കൽ കൂടി അടിവരയിടുകയാണ് മാർപാപ്പ തന്റെ സന്ദർശനത്തിലൂടെ ഉദ്ദേശിക്കുന്നതെന്ന വത്തിക്കാൻ പുറത്തിറക്കിയ വിജ്ഞാപനത്തിൽ പറയുന്നു.

സ്ത്രീകളുടെ ശരീരം വിൽപ്പന വസ്തുവായി കാണുകയും അതിൽ നിന്ന് പണം സമ്പാദിക്കുകയും ചെയ്യുന്നത് മാരകമായ പാപമാണ്. 'സമകാലിക മനുഷ്യത്വത്തിന്റെ ശരീരത്തിൽ ഏറ്റ ഒരു മഹാവ്യാധി; ക്രിസ്തുവിന്റെ ശരീരത്തിൽ വീണ്ടും ഏൽക്കപ്പെടുന്ന ഒരു മുറിവ്' ശരീരം വ്യാപാരം ചെയ്യുന്നതിനെ സംബന്ധിച്ചും, മനുഷ്യന്റെ വ്യക്തിത്വത്തിന്റെ അന്തസിന് വിലകൽപ്പിക്കാതെ നടക്കുന്ന മനുഷ്യകടത്തിനെ കുറിച്ചും ഈ വാചകങ്ങളിലൂടെയാണ് പാപ്പ തന്റെ ശക്തമായ പ്രതികരണം അറിയിച്ചതെന്ന്' വിജ്ഞാപനത്തിൽ പറയുന്നു.

സെന്ററിന്റെ ജനറൽ മാനേജർ ജോൺ പോൾ റമോണ്ട, ചാപ്ലിൻ ഡോൺ ആൽഡോ തുടങ്ങിയ ചുമതലക്കാരും മാർപാപ്പയുടെ സന്ദർശന സമയം സെന്ററിൽ ഉണ്ടായിരുന്നു.

കരുണയുടെ വർഷത്തിൽ മാസത്തിലെ ഒരു വെള്ളിയാഴ്ച ഒരു പുണ്യപ്രവർത്തിയെങ്കിലും ചെയ്യുക എന്നതാണ് പാപ്പ വിവിധ കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. പോളണ്ടിലെ ജൂതക്കൂട്ടക്കുരുതി നടന്ന സ്ഥലത്തും, അഭയാർത്ഥി ക്യാമ്പിൽ ദുരിതം അനുഭവിക്കുന്നവർക്കൊപ്പവും, വൃദ്ധമന്ദിരങ്ങൾ സന്ദർശിക്കുന്നതിനുമെല്ലാം, ഇതിനു മുമ്പുള്ള കരുണയുടെ വെള്ളിയാഴ്ചകളിൽ മാർപാപ്പ സമയം കണ്ടെത്തിയിരുന്നു.

കടപ്പാട്: pravachakasabdam.com